കില
വാർത്താപത്രിക

VOLUME-11
ISSUE-11
NOVEMBER 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

വയോജനസൗഹൃദ സമൂഹം എന്ന വിഷയത്തെക്കുറിച്ച് കിലയും കുടുംബശ്രീയും ചേർന്ന് തലസ്ഥാനത്ത് സംഘടിപ്പിച്ച ദ്വിദിന ദേശീയ ശില്പശാല തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി **എ.സി. മൊയ്തീൻ** ഉദ്ഘാടനം ചെയ്യുന്നു

വയോജനസൗഹൃദ സമൂഹം: തലസ്ഥാനത്ത് ദ്വിദിന ദേശീയശില്പശാല

വയോജനസൗഹൃദ സമൂഹം എന്ന വിഷയത്തെക്കുറിച്ച് കിലയും കുടുംബശ്രീയും ചേർന്ന് തലസ്ഥാനത്ത് ദ്വിദിന ദേശീയ ശില്പശാല സംഘടിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. കേരളത്തിനു വയസ്സാകുന്നില്ലെന്നു തെളിയിക്കാനാകണമെന്നു ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. ഇവിടത്തെ ജനങ്ങൾ വാർദ്ധക്യത്തിലും ചെറുപ്പമായിരുക്കുന്നെന്നു തെളിയിക്കണം. സാമ്പത്തിക ഭദ്രയുള്ള വയോജനങ്ങൾ പോലും പരിചരിക്കാനാരുമില്ലാതെ ഒറ്റപ്പെടുകയും ആക്രമണങ്ങൾക്കു ഇരയാവുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ശ്രമിച്ചുവരികയാണ്.

മസ്കറ്റ് ഹോട്ടലിൽ ചേർന്ന ഉദ്ഘാടച്ചടങ്ങിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷനായിരുന്നു. കുടുംബശ്രീ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സജിത് സുകുമാർ സ്വാഗതമാശംസിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.തുളസിഭായ് പത്മനാഭൻ, കോഴിക്കോട് മേയർ തോട്ടത്തിൽ രവീന്ദ്രൻ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്. സാബു കെ.ജേക്കബ്ബ്, കെ.വി.പ്രമോദ് എന്നിവർ സംസാരിച്ചു.

രണ്ടാം ദിവസം സംഘടിപ്പിച്ച സെമിനാർ മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് ഉദ്ഘാടനം ചെയ്തു. **വയോജനസംരക്ഷണത്തിനുവേണ്ട നയരൂപീകരണ ചർച്ചയിൽ വിവിധ വകുപ്പുകളുടേയും സന്നദ്ധസംഘടനകളുടേയും പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് അധികൃതർ, സാമൂഹിക വികസന അക്കാദമിക് രംഗത്തെ വിദഗ്ദ്ധർ, സോഷ്യൽവർക്ക് കോളേജുകളിലെ അധ്യാപകർ, കുടുംബശ്രീയിലേയും കിലയിലേയും ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു**

വയോജനസംരക്ഷണത്തിനുവേണ്ട നയരൂപീകരണ ചർച്ചയിൽ വിവിധ വകുപ്പുകളുടേയും സന്നദ്ധസംഘടനകളുടേയും പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് അധികൃതർ, സാമൂഹിക വികസന അക്കാദമിക് രംഗത്തെ വിദഗ്ദ്ധർ, സോഷ്യൽവർക്ക് കോളേജുകളിലെ അധ്യാപകർ, കുടുംബശ്രീയിലേയും കിലയിലേയും ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. സമാപനച്ചടങ്ങിൽ തദ്ദേശസ്വയംഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ശാരദാമുരളീധരൻ അദ്ധ്യക്ഷയായിരുന്നു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ റിപ്പോർട്ടവതരിപ്പിച്ചു.

ഫീൽഡ് തലത്തിൽ നടപ്പാക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച റിപ്പോർട്ട് സാമൂഹ്യനീതിവകുപ്പുമന്ത്രി കെ.കെ. ശൈലജയ്ക്കു കൈമാറി.

തദ്ദേശസ്വയംഭരണവകുപ്പ്: വാർത്തകളും അറിയിപ്പുകളും

പ്ലാസ്റ്റിക്ക് വസ്തുക്കൾ നിരോധിക്കുന്നു

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പ്ലാസ്ററിക്ക് ഉപയോഗം പുന:ചംക്രമണംപോലും അസാദ്ധ്യമാക്കി തോടുകളിലും ചാലുകളിലും പുഴകളിലും വഴിവക്കുകളിലും അലക്ഷ്യമായി വലിച്ചെറിയുന്ന ക്യാരി ബാഗുകൾ, സ്ട്രോകൾ, പ്ലാസ്റ്റിക്ക് പേപ്പറുകൾ, ഭക്ഷണം പൊതിഞ്ഞുനൽകുന്ന ഷീറ്റുകൾ, കപ്പുകൾ, പ്ലേറ്റുകൾ തുടങ്ങിയ പാരിസ്ഥിതിക ആരോഗ്യപ്രശ്നമായി മാറിയിരിക്കുന്നു. അതിനാൽ 2020 ജനുവരി ഒന്നുമുതൽ കേരള സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾക്കു നിരോധനം ഏർപ്പെടുത്തുകയാണ്. വ്യക്തികളോ, കമ്പനികളോ, സ്ഥാപനങ്ങളോ വ്യവസായമോ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ കൊണ്ടുപോകുകയോ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാൻ പാടുള്ളതല്ലെന്നു ഉത്തരവായിട്ടുണ്ട്. സ.ഉ. (കൈ)6/2019/പരി.27/11/19 തീയതിയിലെ ഉത്തരവിലാണ് വിശദമായി രേഖപ്പെടുത്തിയിട്ടുള്ളത്.

സിനിമാടിക്കറ്റിന്മേൽ വിനോദനികുതി

നൂറു രൂപയിൽ കുറവുള്ള സിനിമാടിക്കറ്റുകൾക്കു അഞ്ചു ശതമാനം വിനോദനികുതിയും 100 രൂപയിൽ കൂടുതൽ ടിക്കറ്റ് ചാർജുള്ളവയ്ക്കു 8.5 ശതമാനം വിനോദനികുതിയും16.11.2019 മുതൽ കൃത്യമായി ഈടാക്കി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണെന്നു ഉത്തരവായി. സ.ഉ.(കൈ)149/2019/തസ്വഭവ.തീയതി. 22.11.19 നമ്പർ ഉത്തരവുമൂലമാണ് ഇപ്രകാരം നിർദ്ദേശമുള്ളത്.

പ്രളയം ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കു പ്രത്യേക വിഹിതം

2018 ലെ പ്രളയം സാരമായി ബാധിച്ച പ്രാദേശിക സർക്കാരുകൾക്കു വികസനഫണ്ടിൽനിന്ന് പ്രത്യേക വിഹിതം അനുവദിച്ച് ഉത്തരവായി. ഇതിനായി ഇരുന്നൂററി പന്ത്രണ്ട് കോടി അമ്പതുലക്ഷം രൂപ പ്രത്യേക ഫണ്ടായി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച ഗ്രാമപഞ്ചായത്തുകളുടെ പേരും വിഹിതവും സ.ഉ.(സാധാ) 9823/2019 ധന.12.12.19 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിടനികുതി അപേക്ഷകളുടെ പ്രതിമാസ റിപ്പോർട്ട്

കെട്ടിടനിർമ്മാണ അനുമതി/ഒക്യുപെൻസി സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനു മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിടനിർമ്മാണ/ഒക്യുപെൻസി സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ അനുവദിച്ചു നൽകിയ പെർമിറ്റുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവയുടെ സ്ഥിതിവിവരകണക്കുകൾ എന്നിവ നിശ്ചിത പെർഫോർമയിൽ ഇതിനായി തദ്ദേശസ്വയംഭരണവകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ എല്ലാമാസവും അവസാനത്തെ പ്രവൃത്തി ദിവസം അപ്‌ലോഡ് ചെയ്യണമെന്ന് ഉത്തരവായി. (12.12.2019 ൽ സ.ഉ.(സാധാ)2837/2019 തസ്വ ഭവ. നമ്പറായി ഇക്കാര്യം വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വിധവാപെൻഷൻ അനുവദിക്കാനുള്ള നിർദ്ദേശങ്ങൾ

സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിനു ലഭിച്ച സാഹചര്യത്തിൽ അർഹരായ വിധവകൾക്കു മാത്രം പെൻഷൻ ലഭിക്കുന്നതിനു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

- ഭർത്താവ് മരണപ്പെടുകയോ ഏഴുവർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ ആയ യഥാർത്ഥ വിധവകൾക്കു മാത്രമേ വിധവാ പെൻഷൻ നൽകാൻ പാടുള്ളൂ.
- ഏഴുവർഷമായി ഭർത്താവിനെ കാണാനില്ലാത്തവർ റവന്യു അധികാരികളിൽനിന്ന് സാക്ഷ്യപത്രം ഹാജരാക്കണം.
- നിയമപരമായി വിവാഹമോചനം നേടിയവരെ വിധവകളായി കണക്കാക്കില്ല.
- വിധവയല്ലാത്തതും ഭർത്താവിൽനിന്ന് അകന്നു നിൽക്കുന്നവർക്കും പെൻഷൻ അനുവദിക്കാൻ പാടില്ല.
- വിധവാപെൻഷൻ അനുവദിക്കുമ്പോൾ ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ് നമ്പർ, തീയതി, സാക്ഷ്യപത്രം, കിട്ടിയ പ്രാദേശികസർക്കാർ എന്നിവ രേഖപ്പെടുത്തണം.
- ഈ നിർദ്ദേശങ്ങൾ നിലവിൽ പെൻഷൻ വാങ്ങുന്നവർക്കും പുതിയ അപേക്ഷകർക്കും ബാധകമാണ്. ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 97/2019/ധന.11.12.19 നമ്പർ സർക്കുലറിൽ ഇവയെല്ലാം വ്യക്തമാക്കിയിട്ടുണ്ട്.

സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം

സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ട് സ.ഉ. (സാധാ) 6790/19 പൊതുഭരണവകുപ്പിന്റെ 27.11.2019 ൽ ഉത്തരവായിട്ടുണ്ട്

ഉടലാഴം വിനോദനികുതിയിൽനിന്ന് ഒഴിവാക്കി

ആദിവാസി കുട്ടികൾക്കും യുവാക്കൾക്കും പ്രചോദനമാകുംവിധം ഒരുക്കിയിരിക്കുന്നതും ആദിവാസികൾ പ്രധാന വേഷത്തിൽ അഭിനയിച്ചിരിക്കുന്നതും ദേശീയ-അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ പ്രശംസ പിടിച്ചുപറ്റിയതുമായ ഉടലാഴം എന്ന സിനിമയെ വിനോദനികുതിയിൽനിന്ന് ഒഴിവാക്കി ഉത്തരവായി. 10.12.2019 ലെ സ.ഉ.(സാധാ) 2810/19/തസ്വഭവ. നമ്പർ ഉത്തരവുപ്രകാരമാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്.

പ്രകൃതിദുരന്തം നേരിടാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഒരുങ്ങുന്നു

പ്രകൃതിദുരന്തം അതിജീവിക്കാനും പ്രതിരോധിക്കാനും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും വാർഷിക പദ്ധതി തയ്യാറാക്കും. രാജ്യത്ത് ആദ്യമായാണ് പ്രാദേശിക തലത്തിൽ ദുരന്തനിവാരണപദ്ധതി തയ്യാറാക്കുന്നത്. പ്രദേശത്തിന്റെ സാഹചര്യം പഠിച്ചും ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുമാണ് പ്രാദേശിക തലത്തിലും ജില്ലാതലത്തിലും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക. ഇതു അടുത്ത സാമ്പത്തികവർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തും. കരടുപദ്ധതി തയ്യാറാക്കാൻ സാങ്കേതിക സഹായസംഘം രൂപീകരിക്കും. ഇതിനായി കില രണ്ടുലക്ഷം പേർക്കു പരിശീലനം നൽകും. സംസ്ഥാനത്ത് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും പ്രാദേശികതലത്തിൽ കലക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുമാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഇതു കൂടുതൽ ജനകീയമാക്കുകയാണ് ലക്ഷ്യം. തദ്ദേശസ്ഥാപനങ്ങളിൽ 10 മുതൽ 15 പേർ വരെ ഉൾപ്പെടുന്ന സന്നദ്ധ സാങ്കേതിക സംഘമാണ് രൂപീകരിക്കുക. വിവരശേഖരണം, പഠനം, റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കു ഇവരാണ് നേതൃത്വം

പ്രകൃതിദുരന്തം അതിജീവിക്കാനും പ്രതിരോധിക്കാനും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും വാർഷികപദ്ധതി തയ്യാറാക്കുന്നു. രാജ്യത്ത് ആദ്യമായാണ് പ്രാദേശിക തലത്തിൽ ദുരന്തനിവാരണപദ്ധതി തയ്യാറാക്കുന്നത്. ഇതിനായി കില രണ്ടു ലക്ഷം പേർക്കു പരിശീലനം നൽകും.

നൽകുക. ഇവരെ സഹായിക്കാൻ എല്ലാ വാർഡുകളിലും 20-30 സന്നദ്ധപ്രവർത്തകരുണ്ടാകും. പ്രത്യേക വികസന സെമിനാറിലൂടെയാണ് കരടുപദ്ധതി തയ്യാറാക്കുക. പരിസ്ഥിതി-കാലാവസ്ഥാവ്യതിയാനം-ജൈവവൈവിധ്യം എന്നിവയ്ക്കുള്ള വർക്കിംഗ് ഗ്രൂപ്പിനു കരടുപദ്ധതി കൈമാറും. തുടർന്ന് ഗ്രാമസഭകളുടെ അഭിപ്രായത്തോടെ അതതു വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കി വാർഷികപദ്ധതിയുടെ ഭാഗമാക്കും. ജില്ലാ വികസനസമിതിക്കു ലഭിക്കുന്ന ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിലെ വിവരങ്ങൾ ഉൾപ്പെടുത്തിയാകും ജില്ലാപ്ലാൻ. അതിന്റെ ഒരു കോപ്പി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്കും നൽകും.

കില സന്ദർശനത്തിനെത്തിയ കർണാടകയിലെ ഉന്നതതല ഉദ്യോഗസ്ഥസംഘം കില ഡയറക്ടർ ഡോ. ജോയ് ഇളമണുമായി ചർച്ച നടത്തുന്നു

കർണാടകയിലെ ഉന്നതതല ഉദ്യോഗസ്ഥസംഘം കില സന്ദർശിച്ചു

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം, അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ, ജനകീയാസൂത്രണം എന്നിവ നേരിൽ കണ്ടു മനസ്സിലാക്കാൻ കർണാടകയിലെ ഉന്നതതല ഉദ്യോഗസ്ഥസംഘം കിലയിലെത്തി. കർണാടകയിലെ ഗ്രാമവികസന-പഞ്ചായത്ത് രാജ് പ്രിൻസിപ്പൽ സെക്രട്ടറി ഉമാ മഹാദേവൻ ഐ.എ.എസ്, പി. ശിവശങ്കർ, പഞ്ചായത്ത് രാജ് ഡയറക്ടർ കേംബഗൗഡ, ഗ്രാമവികസന-പഞ്ചാത്ത് രാജ് ഉപദേശകൻ എന്നിവരാണ് മൂന്നുദിവസത്തെ സന്ദർശനത്തിനെത്തിയത്.

മുൻ ചീഫ് സെക്രട്ടറിയും സംസ്ഥാന ഫിനാൻസ് കമ്മീഷൻ ചെയർമാനുമായ എസ്.എം. വിജയാനന്ദ്, തദ്ദേശസ്വയംഭരണവകുപ്പ് അഡീഷ്ണൽ ചീഫ് സെക്രട്ടറി ടി.കെ.ജോസ്, കുടുംബശ്രീ ഡയറക്ടർ ഹരികിഷോർ എന്നിവരുമായി വിശദമായ ചർച്ചകൾക്കുശേഷമാണ് അവർ കിലയിലെത്തിയത്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കില പ്രൊഫ. ഡോ. സണ്ണി ജോർജ്, ഡോ. പീറ്റർ എം. രാജ് തുടങ്ങിയവരുമായി വിവിധ പരിശീലനപരിപാടികളെക്കുറിച്ചും മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് വിലയിരുത്താൻ തെക്കുംകര ഗ്രാമപഞ്ചായത്ത് സന്ദർശിക്കുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീജ, വൈസ് പ്രസിഡന്റ് സുനിൽകുമാർ, പഞ്ചായത്ത് മെമ്പർമാർ, സെക്രട്ടറി, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിശദമായി ചർച്ചനടത്തി. വിരുപ്പാക്കയിലെ അങ്കണവാടി, തെക്കുംകര ഫാമിലി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനങ്ങളിൽ സംഘം മതിപ്പു രേഖപ്പെടുത്തി. ഗ്രാമപഞ്ചായത്ത് സന്ദർശനത്തിനു കില കോർഡിനേറ്റർ എം. രേണുകുമാർ നേതൃത്വം നൽകി.

കുടുംബശ്രീ മിഷൻ കോർഡിനേറ്ററുമായി കുടുംബശ്രീ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. തുടർന്ന് നടത്തറ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ഓഫീസ് സന്ദർശിച്ച് പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കി. കോർഡിനേറ്റർമാരായ എം. വിനീത, എൽസ എന്നിവരാണ് സന്ദർശനങ്ങൾക്കു നേതൃത്വം നൽകിയത്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സന്ദർശിച്ച സംഘം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, സെക്രട്ടറി, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തി. ജില്ലാപഞ്ചായത്തിന്റെ മാതൃകാ പദ്ധതിയായ വിജ്ഞാന സാഗറും സംഘം സന്ദർശിച്ചു.

തദ്ദേശസ്വയംഭരണവകുപ്പിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും പരിശീലനം നൽകുന്നതിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാല

തദ്ദേശസ്വയംഭരണവകുപ്പിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും പരിശീലനം

തദ്ദേശസ്വയംഭരണവകുപ്പിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും വിശദമായ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കിലയിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. തദ്ദേശഭരണം, പദ്ധതി ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ്, നഗരാസൂത്രണം, പൊതുമരാമത്ത് ചട്ടങ്ങളും നിർവഹണവും, മാലിന്യപരിപാലനം, കെട്ടിടനിർമ്മാണ ചട്ടങ്ങൾ, കേരള സർവീസ് റൂൾസ്, നഗരാസൂത്രണം, ഓഡിറ്റ് സദ്ഭരണം തുടങ്ങിയ വിഷയങ്ങളിലായിരിക്കും മൂന്നുദിവസം നീണ്ടുനിൽക്കുന്ന ആദ്യഘട്ട പരിശീലനം. രണ്ടാം ഘട്ടത്തിൽ പത്തുദിവസത്തെ സാങ്കേതിക പരിശീലനം നൽകും. ഇതിൽ പ്രായോഗിക പരിശീലനവും ലാബ് അധിഷ്ഠിത പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വിഭാഗത്തിനു വിവിധ വികസനമേഖലകളിലെ നിർമ്മാണ പ്രോജക്ടുകൾ ആസൂത്രണം ചെയ്യാനും, പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാനും ശരിയായ മോണിറ്ററിംഗ് നടത്താനും ഈ പരിശീലനം ഉപകരിക്കും. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, ചവറ ഐ.ഐ.ഐ.സി (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാ സ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ) എന്നിവരുടെ സഹായത്തോടെയാണ് സാങ്കേതിക പരിശീലനം നൽകുന്നത്.

കിലയിൽ സംഘടിപ്പിച്ച ശില്പശാലയിൽ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി. ഊരാളുങ്കൽ ലേബർ കോൺട്രാക്ററ് സൊസൈറ്റി ഡയറക്ടർ ഡോ. ടി.പി. സേതുമാധവൻ സാങ്കേതിക പരിശീലനപരിപാടിയുടെ വിശദാംശങ്ങൾ അവതരിപ്പിച്ചു.

പ്രാദേശിക ഭരണകൂടങ്ങളെക്കുറിച്ചും ജില്ലാഭരണസംവിധാനത്തെക്കുറിച്ചും പഠിക്കുന്നതിനു കേരള കാഡറിലുള്ള രണ്ട് ഐ.പി.എസ് പ്രൊബേഷണറിമാർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനം

ഐ.പി.എസ് പ്രൊബേഷണറിമാർക്കു പരിശീലനം

പ്രാദേശിക ഭരണകൂടങ്ങളെക്കുറിച്ചും ജില്ലാഭരണസംവിധാനത്തെക്കുറിച്ചും പഠിക്കുന്നതിനു കേരള കാഡറിലുള്ള രണ്ട് ഐ.പി.എസ് പ്രൊബേഷണറിമാർക്കു കിലയിൽ മൂന്നു ദിവസത്തെ പരിശീലനം നൽകി. കില പ്രൊഫ.ഡോ.സണ്ണി ജോർജ്, അസോസിയേറ്റ് പ്രൊഫ.ഡോ.ജെ.ബി.രാജൻ, എം. രേണുകുമാർ, പി.വി.രാമകൃഷ്ണൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. കേരളത്തിലെ പ്രദേശികഭരണസംവിധാനം, ജനകീയാസൂത്രണം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലകൾ, സേവനങ്ങൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. പരിശീലനത്തിന്റെ ഭാഗമായി അടാട്ട് ഗ്രാമപഞ്ചായത്ത്, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ കോർപ്പറേഷൻ, തൃശ്ശൂർ ജില്ലാപഞ്ചായത്ത്, കോലഴി വില്ലേജ് ഓഫീസ്, തൃശ്ശൂർ കലക്ടറേറ്റ് എന്നിവിടങ്ങളിൽ സന്ദർശിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ഡൽഹി സ്വദേശിയായ അജിത് കുമാർ, ഹരിയാന സ്വദേശി പദംസിംഗ എന്നിവരാണ് പരിശീലനത്തിനെത്തിയത്.

മത്സ്യമേഖലയെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ ശില്പശാലയിൽ ഐ.സി.എസ്.എഫ് മാനേജിംഗ് ട്രസ്ററി ജോൺ കുര്യൻ മുഖ്യപ്രഭാഷണം നടത്തുന്നു

മത്സ്യമേഖലയെസംബന്ധിച്ച് കിലയിൽ ദ്വിദിന ദേശീയ ശിൽപശാല

ഭക്ഷ്യസുരക്ഷയുടേയും ദാരിദ്ര്യനിർമ്മാർജനത്തിന്റെയും പശ്ചാത്തലത്തിൽ ചെറുകിട മത്സ്യമേഖലയുടെ സുസ്ഥിരത ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ബോധവൽക്കരിക്കുന്നതിനു കിലയിൽ ദ്വിദിന ദേശീയ ശില്പശാല സംഘടിപ്പിച്ചു. ഇന്റർ നാഷ്ണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ് വർക്കേഴ്സും (ഐ.സി.എസ്.എഫ്) കിലയും ചേർന്നാണ് ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ കാർഷിക സംഘടന (എഫ്.ഒ.എ)യുടെ സഹകരണത്തോടെശില്പശാല സംഘടിപ്പിച്ചത്.

സംസ്ഥാന ഫിഷറീസ് ഡയറക്ടർ എസ്. വെങ്കിടേശപതി ഉദ്ഘാടനം ചെയ്തു. ഐ.സി.എസ്.എഫ് ട്രസ്റ്റി വി. വിവേകാനന്ദൻ അദ്ധ്യക്ഷനായിരുന്നു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി. ഐ.സി.എസ്.എഫ് മാനേജിംഗ് ട്രസ്ററി ജോൺ കുര്യൻ മുഖ്യപ്രഭാഷകനായിരുന്നു. എക്സിക്യൂട്ടീവി ട്രസ്റ്റി സെബാസ്റ്റ്യൻ മാത്യു, നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ചെയർമാൻ നരേന്ദ്രചന്ദ്ര പാട്ടീൽ എന്നിവർ സംസാരിച്ചു. ആദ്യസെഷനിൽ കേന്ദ്രപഞ്ചായത്ത്രാജ് മന്ത്രാലയം കൺസൽട്ടന്റ് ഡോ.പി.പി.ബാലൻ, കില അസോസിയേററ് പ്രൊഫ. ഡോ. ജെ.ബി.രാജൻ, ഡോ. ജി.പളനിദുരെ(തമിഴ്നാട്), നളിനി കാന്ത്(ജാർഖണ്ഡ്), അൽകേഷ് കശ്യപ് (ആസാം) എന്നിവർ പങ്കെടുത്തു.

ചെറുകിട മത്സ്യമേഖലയ്ക്കുവേണ്ടി രാജ്യാന്തര തലത്തിൽ രണ്ടുവർഷം നീണ്ടുനിന്ന കൂടിയാലോചനകളിലൂടെ തയ്യാറാക്കിയ എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾക്കു എഫ്.എ.ഒയുടെ ഫഷറീസ് കമ്മിറ്റിയുടെ അംഗീകാരം നേടിയിട്ടുണ്ട്. ചെറുകിട മീൻപിടിത്ത സമൂഹങ്ങളുടെ ദാരിദ്ര്യനിർമാർജനം, സമുദ്ര ജൈവവൈവിധ്യം നിലനിർത്തൽ, മീൻപിടിത്ത സമൂഹങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ, മത്സ്യതൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തൽ, കടൽ-ഉൾനാടൻ മത്സ്യബന്ധന സമൂഹങ്ങളുടെ ശാക്തീകരണം തുടങ്ങിയവ മാർഗ്ഗനിർദ്ദേശങ്ങളിൽ പെടുന്നു. മത്സ്യബന്ധനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട നയരൂപീകരണത്തിനും പ്രാദേശിക-ദേശീയ-മേഖല-ആഗോള ബന്ധങ്ങൾ വളർത്തിയെടുക്കാനും ലക്ഷ്യമിടുന്നു.

ദുർബലജനവിഭാഗങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടി പദ്ധതികൾ തയ്യാറാക്കാൻ ഈ മാർഗ്ഗനിർദ്ദേശങ്ങൾ സഹായകമാകുമോയെന്ന് ശില്പശാല പരിശോധിച്ചു. നിലവിൽ പഞ്ചായത്തുകളുടെ മത്സ്യമേഖലയിലെ ബജറ്റും പരിപാടികളും ശില്പശാല വിലയിരുത്തി ആവശ്യമായ പരിഷ്കാരങ്ങൾ ശുപാർശ ചെയ്യും. ഇതിനു മുമ്പു നടന്ന ദേശീയ ശില്പശാലകളുടെ തീരുമാനങ്ങൾ ഉൾപ്പെടെ ചേർത്തുകൊണ്ടുള്ള കർമ്മപരിപാടി ഡിസംബറിൽ ഡൽഹിയിൽ കേന്ദ്ര-സംസ്ഥാ സർക്കാരുകൾക്കു സമർപ്പിക്കും.

മിഷൻ അന്ത്യോദയ വിവരശേഖരണത്തിനു ഒരുക്കം തുടങ്ങി

സംസ്ഥാനത്തെ ജനകീയാസൂത്രണത്തിന്റെ ചുവടുപിടിച്ച് ദേശീയതലത്തിൽ ഗ്രാമപഞ്ചായത്ത് വികസനപരിപാടി (ജി.പി.ഡി.പി) വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വികസനമേഖലകളിലെ വിടവുകൾ കണ്ടെത്തുന്നതിനും അതിനനുസരിച്ച്പദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള വിവരശേഖരണത്തിനു മിഷൻ അന്ത്യോദയ ഒരുക്കം തുടങ്ങി. ഇതിന്റെ ഭാഗമായി കിലയിൽ സംസ്ഥാനതല പരിശീലക പരിശീലനവും ജില്ലാതലത്തിൽ തുടർപരിശീലനങ്ങളും നടന്നു. ആയിരം ദിവസംകൊണ്ട് രാജ്യത്തെ 50,000 ഗ്രാമപഞ്ചായത്തുകളിലെ അയ്യായിരത്തിലെറെ ഗ്രാമീണ ക്ലസ്റ്ററുകളുടെ പരിവർത്തനമാണ് മിഷൻ അന്ത്യോദയ ലക്ഷ്യമിടുന്നത്. മുൻവർഷത്തെത്തെ സർവേ പ്രകാരം ദേശീയതലത്തിൽ തെലുങ്കാനയ്ക്കും ആന്ധ്രാപ്രദേശിനും കർണാടകത്തിനും പിന്നിൽ നാലാം സ്ഥാനത്തായിരുന്നു കേരളം. 144 വികസന സൂചകങ്ങളുടെ ഭാഗമായി അഖിലേന്ത്യ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ ഗ്രേഡ് ചെയ്യും. ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ നടത്തുന്ന വിവരശേഖരണം നവംബർ 30 നകം പൂർത്തിയാക്കി സോഫ്ററ് വെയറിൽ അപ്ലോഡ് ചെയ്യും. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ പരിശീലക പരിശീലനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ആസൂത്രണ ബോർഡിലെ വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് ഇൻ ചാർജ് എസ്.ആർ.സനൽകുമാർ, അസി.ഡയറക്ടർ എം.ഹുസൈൻ, സാമ്പത്തിക സ്ഥിതിവിവരകണക്കു വകുപ്പ് അഡീഷ്ണൽ ഡയറക്ടർ പി.വി. ബാബു എന്നിവർ സംസാരിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്കു വകുപ്പ് അസി.ഡയറക്ടർ പ്രഭാജോർജ്, റിസർച്ച് അസിസ്റ്റന്റ്, കെ. പ്രവീൺകുമാർ, എസ്.ആർ.ജി അംഗങ്ങളായ ജി.കെ.സദനരാജൻ, എസ്. രാജേന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

സംസ്ഥാന ആസൂത്രണബോർഡും എസ്.ആർ.ജിയും കിലയും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്.

ചോദ്യങ്ങൾക്കു മറുപടി

? സാധുക്കളായ വിധവകളുടെ പെൺമക്കൾക്കു വിവാഹ ധനസഹായത്തിനുള്ള വരുമാന പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ?

● സാധുക്കളായ വിധവകളുടെ പെൺമക്കൾക്കു വിവാഹ ധനസഹായത്തിനുള്ള വരുമാനപരിധി രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. (28.10.2019 ലെ (ആർ.ടി)677/2019 സാ.നീ.വ. നമ്പർ സർക്കുലർ ഉത്തരവ്) വിവാഹം കഴിഞ്ഞ തീയതി മുതൽ ഒരു വർഷം വരെ അപേക്ഷ സമർപ്പിക്കാനുള്ള കാലതാമസം മാപ്പാക്കാൻ 17.07.2019 ലെ ജി.ഒ.(ആർ.ടി)436/2019/സാ.നീ.വ. ഉത്തരവുപ്രകാരം ജില്ല വനിത-ശിശുവികസന ഓഫീസറേയും ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകളിലെ കാലതാമസം മാപ്പാക്കുന്നതിനു 28.10.2019 ലെ ടി. ഉത്തരവുപ്രകാരം ജില്ലാകളക്ടർമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

? കെട്ടിടനിർമ്മാണചട്ടം പുതുക്കിയത് പ്രാബല്യത്തിൽ വന്നിരിക്കുകയാണല്ലോ. പഴയ അപേക്ഷകൾ എന്തുചെയ്യണം?

● 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളും മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളും 8.11.2019 മുതൽ പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. 7.11.2019 വരെ സമർപ്പിച്ച അപേക്ഷകൾ 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടപ്രകാരവും 1999 ലെ കേരള മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടപ്രകാരവുമായിരിക്കും. റിവൈസ് ചെയ്യാൻ മടക്കി നൽകിയത് വീണ്ടും റിവൈസ് ചെയ്ത് നൽകുമ്പോൾ വിസ്തീർണം അധികരിക്കുന്നില്ലെങ്കിൽ പഴയ നിയമം ബാധകമായിരിക്കും. വിസ്തീർണം കൂടുകയാണെങ്കിൽ പുതിയവ ബാധകമാക്കണം. സങ്കേതം/ഐ.ബി.പി.എം.എസ് വഴി അപേക്ഷ സ്വീകരിക്കുമ്പോൾ സോഫ്റ്റ് വെയർ പരിഷ്ക്കരിക്കുന്നതുവരെ മാന്വൽ അപേക്ഷ സ്വീകരിക്കേണ്ടതുമാണ്. 20/11/2019 ലെ201/ആർ.ഡി.1/2019 തസ്വഭവ. നമ്പർ സർക്കുലർ കാണുക.

? സാമൂഹ്യസുരക്ഷാപെൻഷൻ അപേക്ഷകളിൽ അന്വേഷണം നടത്തുമ്പോൾ ഭൗതികസാഹചര്യങ്ങൾ പരിശോധിക്കണമെന്നു പറയുന്നു. ഏതെല്ലാം ഭൗതികസാഹചര്യങ്ങളാണ് പരിശോധിക്കേണ്ടത്?

● അപേക്ഷകളിൽ പരിശോധന നടത്തുമ്പോൾ വാർഷിക കുടുംബവരുമാനത്തിനു പുറമെ താഴെ പറയുന്ന ഭൗതിക സാഹചര്യങ്ങൾ കൂടി പരിഗണനയ്ക്കു വിധേയമാക്കണം.

- 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനികരീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീററിംഗ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ.
- താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷ്ണർ ഉള്ളവർ
- കുടുംബത്തിൽ 1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനങ്ങളുള്ളവർ.
- കുടുംബവാർഷിക വരുമാനം കണക്കാക്കുമ്പോൾ വിവാഹിതരായ മക്കളുടെ വരുമാനം കണക്കിലെടുക്കേണ്ടതില്ല. (സർക്കുലർ നമ്പർ 90/2019 ധന. തീയതി.18.11.2019)

? ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കു സഹായം നൽകുമ്പോൾ വാർഷികവരുമാനം കണക്കാക്കേണ്ടതല്ലേ?

● ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കു എ.പി.എൽ/ബി.പി.എൽ എന്ന വേർതിരിവില്ലാതെ 100 ശതമാനം സഹായവും നൽകുന്നതാണ്.(സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)22/2018 തസ്വഭവ.14.2.18 ഖണ്ഡിക 7.1.1)

? 2020-2021 ലെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

● പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കുള്ള നിലവിലുള്ള മാർഗ്ഗരേഖകൾ തന്നെയാണ് 2020-21 ലെ വാർഷികപദ്ധതിക്കും ഉപയോഗിക്കേണ്ടത്. അധികമാർഗ്ഗനിർദ്ദേശങ്ങൾ, പദ്ധതിപ്രവർത്തന സമയക്രമം എന്നിവ നിശ്ചയിച്ച് പുതിയ ഉത്തരവ് തദ്ദേശസ്വയംഭരണവകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. (സ.ഉ(കൈ)157/2019 തസ്വഭവ.5.12.2019 ഉത്തരവു കാണുക)

? ദുരന്തനിവാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണമെന്നു പറയുന്നുണ്ടല്ലോ. അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്തനിവാരണപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും, പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനും വേണ്ടിയാണ് അപ്രകാരം ഒരു വർക്കിംഗ്ഗ്രൂപ്പ്രൂപീകരിക്കണമെന്നു പറഞ്ഞിട്ടുള്ളത്. അതിന്റെ പ്രവർത്തനം എന്തായിരിക്കണം എന്നു വ്യക്തമാക്കുന്നതിനു താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ കാണുക.

1.സ.ഉ.(സാധാ)2710/2018.തസ്വഭവ. 23.0.2018

2.സ.ഉ.(കൈ)156/2018 തസ്വഭവ. 4.12.2019

? യോഗാപരിശീലനം എന്ന പദ്ധതി വനിതകൾക്കുവേണ്ടി ഏറ്റെടുക്കാമോ?

● ഏറ്റെടുക്കാം. പ്രതിരോധപരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ എന്നിവയിലും യോഗയിലും വനിതകൾക്കു പരിശീലനം നൽകുന്ന പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കു ഏറ്റെടുക്കാം. വനിതകൾക്കു യോഗ പരിശീലനം ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ ഏറ്റെടുക്കുക. (പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)11/2018.തസ്വഭവ. തീയതി. 29.1.2018 ഖണ്ഡിക 6.3.8)

ചോദ്യങ്ങൾക്ക് മറുപടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി നിർവഹണപരിശീലനം

മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പുപദ്ധതിയുടെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ നഗരപ്രദേശങ്ങളിലെ ദരിദ്രജനവിഭാഗങ്ങളുടെ ജീവിതസുരക്ഷ ഉറപ്പുവരുത്തനായി നടപ്പാക്കി വരുന്ന അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പു സംബന്ധിച്ച പരിശീലനപരിപാടിക്കു കിലയിൽ തുടക്കമായി. 2019 നവംബർ 11 മുതൽ ആരംഭിച്ച ആദ്യ ബാച്ചിന്റെ പരിശീലനം കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. പത്തു ബാച്ചുകളിലായി സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലേയും ജനപ്രതിനിധികൾ, അയ്യങ്കാളി നഗരതൊഴിലുറപ്പുപദ്ധതി കൈകാര്യം ചെയ്യുന്ന എഞ്ചിനിയർമാർ, ഓവർസിയർമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, ക്ലാർക്കുമാർ എന്നിവർക്കാണ് പരിശീലനം നൽകുന്നത്.

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെ സവിശേഷതകൾ, തൊഴിലാളികളുടെ അവകാശങ്ങൾ, പദ്ധതി ആസൂത്രണവും ലേബർ ബജറ്റും, ഏറ്റെടുക്കാവുന്ന പ്രവർത്തികളും അവയുടെ അടങ്കലുകളും, മാതൃകാ പദ്ധതികളും അനുഭവങ്ങളും, മേററുമാരുടെ ചുമതലകൾ, മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ദ്വിദിന പരിശീലനമാണ് തുടങ്ങിയിട്ടുള്ളത്. സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ അംഗം എസ്. രാജേന്ദ്രൻ, കില പ്രൊഫ. ഡോ. സണ്ണി ജോർജ്, പി.എം. ദേവരാജൻ, എം.രേണുകുമാർ, ടി.എസ്. സെയ്ഫുദ്ദീൻ, ആർ. ബാലഗംഗാധരൻ, മഞ്ചുഷ, സിന്ധു വരവൂർ എന്നിവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്.

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കിലയുടെ സഹായത്തോടെ നടപ്പാക്കുന്ന പച്ചപ്പ് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച സമഗ്രവികസന സെമിനാർ സി.കെ.ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

കൽപ്പറ്റയിൽ സമഗ്രവികസന സെമിനാർ

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കിലയുടെ സഹായത്തോടെ നടപ്പാക്കുന്ന പച്ചപ്പ് പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ ടൗൺഹാളിൽ സംഘടിപ്പിച്ച സമഗ്രവികസന സെമിനാർ സി.കെ.ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കാർബൺ ന്യൂട്രൽ മണ്ഡലം, ഡ്രിപ് ഇറിഗേഷൻ, കയർ ഭൂവസ്ത്രം, ദുരന്തനിവാരണം തുടങ്ങിയ വിഷയങ്ങൾ സെമിനാറിൽ അവതരിപ്പിച്ച് ചർച്ചചെയ്ത് പദ്ധതികൾ തയ്യാറാക്കി. കൽപ്പററ നഗരസഭ ചെയർപേഴ്സൺ സനിത ജഗദീഷ് അദ്ധ്യക്ഷയായിരുന്നു. തിരുവനന്തപുരം തണൽ ഡയറക്ടർ എസ്.രാജു, അജിത്ത് ടോമി, കൃഷിവകുപ്പ് അസി.ഡയറക്ടർ മമ്മുട്ടി, ഫോം മാറ്റിംഗ് ഇന്ത്യയുടെ മോഹനൻ ആലപ്പുഴ, തൊഴിലുറപ്പുപദ്ധതി ജോയിന്റ് പ്രോഗ്രാം ഓഫീസർ പി.ജി. വിജയകുമാർ എന്നിവർ വിഷയങ്ങളവതരിപ്പിച്ചു. പി.യു.ദാസ്, സന്ദീപ്കുമാർ, കെ.ശിവദാസൻ, സി.എ.സുമേഷ്, വി.അരവിന്ദ് തുങ്ങിയവർ സംസാരിച്ചു.

മലയാള ഭാഷാ ദിനാഘോഷത്തിന്റെ ഭാഗമായി കൊട്ടാരക്കര കില സി.എച്ച്.ആർ.ഡിയിൽ റീജിണൽ ഡയറക്ടർ കെ.എം. രാമകൃഷ്ണൻ ഭാഷാപ്രതിജ്ഞ ചൊല്ലി കൊടുക്കുന്നു. ഭരണഭാഷാപരമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി ജീവനക്കാർക്കായി ക്വിസ് മത്സരവും വിജയികൾക്കു സമ്മാനങ്ങളും വിതരണം ചെയ്തു.

കെ.എം.രാമകൃഷ്ണനു യാത്രയയ്പ്പ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയുടെ കണ്ണൂർ ജില്ല ജോയിന്റ് പ്രോഗ്രാം കോർഡിനേറ്ററായി സ്ഥലം മാറി പോകുന്ന കൊട്ടാരക്കര കില സി.എച്ച്.ആർ.ഡി യിലെ റീജിണൽ ഡയറക്ടർ കെ.എം.രാമകൃഷ്ണനു ജീവനക്കാരുടെ കൂട്ടായ്മയായ സ്റ്റാഫ് വെൽഫയർ കൗൺസിൽ യാത്രയയ്പ്പു നൽകി. പുതിയ റീജിണൽ ഡയറക്ടറായി ചുമതലയേറ്റ ഗ്രാമവികസന കമ്മീഷ്ണറേറ്റിലെ ജോ.ഡെപ്യൂട്ടി കമ്മീഷ്ണർ ഡി.സുധയ്ക്കു സ്വീകരണവും നൽകി. സ്റ്റാഫ് വെൽഫയർ കൗൺസിൽ പ്രസിഡന്റ് സി.വിനോദ് കുമാർ സ്വാഗതമാശംസിച്ചു. ഫാക്കൽട്ടി അംഗങ്ങളായ ഡോ.ജിബിനി കുര്യൻ, ഡോ.എസ്. വിനോദ്, ബിനുരാജ്, സുദേശൻ, ഓഫീസ് മാനേജരായ അനിൽകുമാർ, പി.ഐ.ജോസ്, ഹോസ്റ്റൽ മാനേജർ മണ്കണ്ഠൻ, നൂർജഹാൻ, ഹന്നമുഹമ്മദ്, ഷിബു എന്നിവർ ആശംകളർപ്പിച്ചു. സ്റ്റാഫ് വെൽഫയർ കൗൺസിൽ സെക്രട്ടറി നൗഷാദ് നന്ദി പ്രകാശിപ്പിച്ചു.

കൊട്ടാരക്കര കില സി.എച്ച്.ആർ.ഡി.യിൽ റീജിണൽ ഡയറക്ടറായി ചുമതലേറ്റ **ഡി.സുധ**

നേപ്പാളിൽനിന്നെത്തിയ ജനപ്രതിനിധി-ഉദ്യോഗസ്ഥ സംഘത്തിനു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

നേപ്പാൾസംഘം കില സന്ദർശിച്ചു

കേരളത്തിലെ പ്രാദേശികഭരണ സംവിധാനത്തെക്കുറിച്ച് പഠിക്കാൻ നേപ്പാളിൽനിന്നുള്ള പതിനാറംഗസംഘം കിലയിലെത്തി. നേപ്പാൾ പ്രവിശ്യാ ഗവർമ്മേണ്ടിലെ ജനപ്രതിനിധികൾ, കോർപ്പറേഷൻ ഡെപ്യൂട്ടി മേയർമാർ, ദേശീയ-സംസ്ഥാന തലത്തിലുള്ള ഉദ്യോഗസ്ഥർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. പ്രാദേശിക ഭരയണകൂടങ്ങളുടെ ഉപദേശകനായ യു.എൻ.ഡി.പിയുടെ അനിൽ ചന്ദ്രിക സംഘത്തോടൊപ്പമുണ്ടായിരുന്നു. കിലയിൽ ഇവർക്കു സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ കില അസോസിയേറ്റ് പ്രൊഫസർ മാരായ ഡോ. പീററർ എം.രാജ്, ഡോ. ജെ.ബി.രാജൻ, അസി. ഡയറക്ടർ മാത്യു ആൻഡ്രൂസ്, പി.വി.രാമകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു. തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര, അടാട്ട് ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച സംഘം അവിടങ്ങളിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി. തിരുവനന്തപുരത്ത് സംസ്ഥാന സർക്കാരിന്റെ ഉന്നത ഉദ്യോഗസ്ഥർ, പ്ലാനിംഗ് ബോർഡ് അംഗം ഡോ.കെ.എൻ.ഹരിലാൽ, മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് എന്നിവരുമായി ചർച്ച നടത്തി.

ഓഫീസ് അറ്റൻഡർമാർക്കു പരിശീലനം

തദ്ദേശസ്വയംഭരണവകുപ്പിലെ ഓഫീസ് അറ്റൻഡർമാർക്കുള്ള ദ്വിദിന പരിശീലനം കൊട്ടാരക്കര കില സി.എച്ച്. ആർ. ഡിയിൽ സംഘടിപ്പിച്ചു. റീജിണൽ ഡയറക്ടർ ഡി. സുധ ആമുഖാവതരണം നടത്തി. കോർഡിനേറ്റർ കെ.ദിലീപ് കുമാർ പരിശീലനപരിപാടി വിശദീകരിച്ചു. പഞ്ചായത്ത് രാജ് സംവിധാവും നവകേരള പ്രവർത്തനവും, ഓഫീസ് അററൻഡർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും, ജനസൗഹൃദകാര്യാലയം, പഞ്ചായത്ത് നൽകുന്ന സേവനങ്ങൾ, ഓഫീസ് അറ്റൻഡർമാരുടെ സേവന-വേതനവ്യവസ്ഥകൾ, അച്ചടക്കനടപടികൾ, ഉദ്യോഗസ്ഥനിയന്ത്രണചട്ടം, ഉദ്യോഗസ്ഥ-ജനപ്രതിനിധി ബന്ധം, പെരുമാറ്റ ചട്ടം, കെ.എസ്.ആർ, വിവരാവകാശനിയമവും സേവനാവകാശനിയമവും തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. സിറാജുദ്ദീൻ, സി.പി.സുനിൽ, കെ.രാമനാഥപിള്ള, ടോംസ് ആന്റണി, അജയ്കുമാർ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

ലിംഗസമത്വവും സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട്
കൊട്ടാരക്കര കില സി.എച്ച്.ആർ.ഡിയിൽ സംഘടിപ്പിച്ച ഏകദിന പരിശീലനം

ലിംഗസമത്വവും സ്ത്രീശാക്തീകരണവും

ലിംഗസമത്വവും സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട ഏകദിന പരിശീലനം കൊട്ടാരക്കര കില സി.എച്ച്.ആർ. ഡിയിൽ സംഘടിപ്പിച്ചു. റീജിണൽ ഡയറക്ടർ ഡി. സുധ ഉദ്ഘാടനം ചെയ്തു. ഡോ.ആർ.എം. അമൃതരാജ്, ഡോ. ജിബിനി വി.കുര്യൻ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി. ജെൻഡർ: ആശയം, സമീപനം, പ്രസക്തി, ലിംഗസമത്വം, ബ്രെയിൻ മാപ്പിംഗ് തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കോർഡിനേറ്റർ കെ.എസ്. ബിനുരാജ് പരിശീലനപരിപാടികൾ വിശദീകരിച്ചു. കൊട്ടാരക്കര നഗരസഭ ചെയർപേഴ്സൺ, കൗൺസിലർമാർ, കില ഓഫീസ് ജീവനക്കാർ തുടങ്ങിയവർ പരിശീലനപരിപാടിയിൽ പങ്കെടുത്തു.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**